21 (*20) എംപ്ലോയ്മെന്റ് എക്സ്ചേഞ്ച് മുഖേന സ്വയംതൊഴിൽ പദ്ധതി

ശ്രീ. ഡൊമിനിക് പ്രസന്റേഷൻ : താഴെക്കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സ്പോർട്സും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) എംപ്ലോയ്മെന്റ് എക്സ്ചേഞ്ച് മുഖേന പുതുതായി സ്വയം തൊഴിൽ പദ്ധതി നടപ്പാക്കാൻ തീരുമാനിച്ചിട്ടുണ്ടോ;

(ബി) എങ്കിൽ വിശദവിവരം നൽകാമോ;

(സി) ഈ പദ്ധതിയ്ക്ക് സബ്സിഡിയായി ഒരു കോടി രൂപ നൽകാൻ സർക്കാർ തീരുമാനിച്ചിട്ടുണ്ടോ;

(ഡി) പദ്ധതിയുടെ രൂപരേഖ തയ്യാറാക്കിക്കഴിഞ്ഞോ;

(ഇ) കേന്ദ്ര ഗവൺമെന്റ് ഈ പദ്ധതിക്ക് സഹായം നൽകുന്നുണ്ടോ;

(എഫ്) ധനകാര്യ സ്ഥാപനങ്ങളിൽ നിന്നും എത്രകോടി രൂപ സമാഹരിക്കാനാവുമെന്നാണ് പ്രതീക്ഷിക്കുന്നത്;

(ജി) സ്വയംതൊഴിൽ സംരംഭകരുടെ ഉൽപ്പന്നങ്ങളുടെ സംഭരണത്തിനും വിപണനത്തിനും എന്തു സംവിധാനമാണ് ഏർപ്പെടുത്താൻ ഉദ്ദേശിക്കുന്നത്; വിശദവിവരം വെളിപ്പെടുത്തുമോ?

ആരോഗ്യവും സ്പോർട്സും വകുപ്പുമന്ത്രി (ശ്രീ. വി.സി.കബീർ) :

(എ) ഉണ്ട്.

(ബി) കേരളത്തിലെ എംപ്ലോയ്മെന്റ് എക്സ്ചേഞ്ചുകളിൽ രജിസ്റ്റർ ചെയ്തിട്ടുള്ള തൊഴിൽരഹിതർക്കായി നടപ്പാക്കിവരുന്ന ഒരു സ്വയം തൊഴിൽ പദ്ധതിയാണ് കെസ്റു (കേരള സ്റ്റേറ്റ് സെൽഫ് എംപ്ലോയ്മെന്റ് സ്കീം ഫോർ ദി രജിസ്റ്റേർഡ് അൺ എംപ്ലോയ്സ്) 21-നും 40-നും മദ്ധ്യേ പ്രായമുള്ളവർക്ക് ഇതിനായി അപേക്ഷിക്കാവുന്നതാണ്. പട്ടികജാതി/പട്ടികവർഗ്ഗത്തിൽപ്പെട്ടവർക്കും വികലാംഗർക്കും 5 വർഷത്തെ വയസിളവു ലഭിക്കും. ഈ പദ്ധതിയിലൂടെ ഒരു തൊഴിൽരഹിതന് 30,000/- രൂപ (മുപ്പതിനായിരം രൂപ) മുതൽ പരമാവധി 50,000/- രൂപ (അമ്പതിനായിരം രൂപ) വരെ ബാങ്ക് വായ്പ ലഭിക്കുന്നതാണ്. വായ്പയുടെ 15% സബ്സിഡിയും ധനകാര്യ സ്ഥാപനങ്ങൾ നിശ്ചയിക്കുന്ന 5 ശതമാനത്തിനു മേലുള്ള പലിശയിന്മേൽ പരമാവധി 5 % പലിശ സബ്സിഡിയും സർക്കാർ നൽകും. വാർഷിക കുടുംബ വരുമാനം 24,000/- രൂപയിൽ കവിയാൻ പാടില്ല. 2000 ഫെബ്രുവരി മാസത്തിൽ ആദ്യമായി അപേക്ഷ ക്ഷണിക്കുകയും 14343 അപേക്ഷകർ ലഭിക്കുകയുമുണ്ടായി. ഡിസംബർ മാസം 1 മുതൽ 31 വരെ വീണ്ടും അപേക്ഷ സ്വീകരിക്കുന്നതിന് അവസരം നൽകിയിട്ടുണ്ട്. ഈ പദ്ധതിപ്രകാരം 207 പേർക്ക് സ്വയം തൊഴിൽ കണ്ടെത്താൻ ഇതിനകം വായ്പ നൽകിക്കഴിഞ്ഞു.

(സി) കെസ്റു-വായ്പയ്ക്ക് സബ്സിഡി തുക നൽകുന്നതിനും മറ്റു ചെലവുകൾക്കുമായി ഒരു കോടി രൂപ നടപ്പുസാമ്പത്തിക വർഷത്തെ ബഡ്ജറ്റിൽ വകയിരുത്തിയിട്ടുണ്ട്.

(ഡി) തയ്യാറാക്കി കഴിഞ്ഞു.

(ഇ) ഇല്ല.

LIBRARY ARCHIVES Kerala Legislative Assembly

(എഫ്) ധനകാര്യ സ്ഥാപനങ്ങളിൽനിന്നും തുക സമാഹരിക്കുകയല്ല മറിച്ച് ടി സ്ഥാപനങ്ങൾ മുഖേന തൊഴിൽരഹിതർക്ക് സ്വയംതൊഴിൽ വായ്പ ലഭ്യമാക്കുകയാണ് ലക്ഷ്യം. 2600 പേർക്ക് വായ്പ ലഭ്യമാക്കാനാണ് ഈ വർഷം ഉദ്ദേശിക്കുന്നത്. ഈ വർഷം 7.8 കോടി രൂപ മുതൽ 13 കോടി രൂപ വരെ വായ്പ ധനകാര്യ സ്ഥാപനങ്ങൾ മുഖേന സംസ്ഥാനത്തെ യുവജനങ്ങൾക്ക് ലഭ്യമാക്കുകയാണ് ലക്ഷ്യം.

(ജി) ഈ വർഷം ഇക്കാര്യത്തിനായി പ്രത്യേക സംവിധാനം ഏർപ്പെടുത്താൻ ഉദ്ദേശമില്ല. പദ്ധതി വിപുലപ്പെടുന്ന മുറയ്ക്ക് ഇക്കാര്യം പരിഗണിക്കുന്നതാണ്.

22 (*21) ക്രിസ്തുമസിനും റംസാനുമുള്ള പ്രത്യേക റേഷൻ വിതരണം

ശ്രീമതി എൻ.കെ.രാധ :
ശ്രീ. ലോനപ്പൻ നമ്പാടൻ :
ശ്രീ. വെങ്ങാനൂർ പി.ഭാസ്കരൻ :
ശ്രീ.വി.കെ.ചന്ദ്രൻ :
ശ്രീ.കെ.പി.സതീശ് ചന്ദ്രൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഭക്ഷ്യ-വിനോദസഞ്ചാര-നിയമ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) റംസാനും ക്രിസ്തുമസും പ്രമാണിച്ച് സംസ്ഥാനത്തെ പൊതു വിതരണ കേന്ദ്രങ്ങൾ വഴി സ്കൂൾ വിദ്യാർത്ഥികൾക്ക് സൗജന്യമായി അരി നൽകുവാൻ സർക്കാർ തീരുമാനിച്ചിട്ടുണ്ടോ;

(ബി) എങ്കിൽ വിശദാംശം വെളിപ്പെടുത്താമോ;

(സി) സൗജന്യ അരി വിതരണം എത്ര വിദ്യാർത്ഥികൾക്ക് പ്രയോജനപ്പെടുമെന്ന് സർക്കാർ കണക്കാക്കിയിട്ടുണ്ടോ; എങ്കിൽ വിശദാംശം വെളിപ്പെടുത്താമോ;

(ഡി) റംസാനും ക്രിസ്തുമസും പ്രമാണിച്ച് 2000 ഡിസംബർ മാസത്തിൽ സൗജന്യമായി വിതരണം ചെയ്യുന്നതിന് ആവശ്യമായിട്ടുള്ള അരി ലഭ്യമാക്കിയിട്ടുണ്ടോ; എങ്കിൽ വിശദാംശം വെളിപ്പെടുത്താമോ;

(ഇ) സ്കൂൾ വിദ്യാർത്ഥികളെ സൗജന്യ അരി വിതരണം കുറ്റമറ്റതാക്കാൻ നടപടി സ്വീകരിക്കുമോ;

(എഫ്) റംസാനും ക്രിസ്തുമസും പ്രമാണിച്ച് പൊതുവിതരണ കേന്ദ്രങ്ങൾ വഴി കൂടുതൽ പഞ്ചസാര വിതരണം ചെയ്യുന്നതിന് ഉദ്ദേശിക്കുന്നുണ്ടോ; എങ്കിൽ വിശദാംശം വെളിപ്പെടുത്താമോ?

ഭക്ഷ്യ-വിനോദസഞ്ചാര-നിയമ വകുപ്പുമന്ത്രി (ശ്രീ. ഇ.ചന്ദ്രശേഖരൻ നായർ) : സർ,

(എ) ഉണ്ട്.

(ബി) റംസാനും ക്രിസ്തുമസും പ്രമാണിച്ച് ഉച്ചഭക്ഷണ പരിപാടിയിൽ ഉൾപ്പെട്ട കുട്ടികൾക്ക് 10 കിലോ ഗ്രാം വീതം അരി നൽകുവാൻ തീരുമാനിച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly